NISH

# NIDAS: 21

# Speech and Language disability among children with epilepsy

## FREQUENTLY ASKED QUESTIONS

1. അപസ്മാരം എന്നാലെന്ത് ?

തലച്ചോറിലുണ്ടാകുന്ന അസാധാരണമായ വൈദ്യുത പ്രവാഹത്തിന്റെ ഫലമായി ശാരീരികമായോ മാനസികമായോ നാഡീസംബന്ധമായ തകരാറുണ്ടാകുന്ന പ്രവണതയാണ് അപസ്മാരം അഥവാ എപ്പിലെപ്സി. ഇതൊരു പകർച്ച വ്യാധിയോ മാനസികരോഗമോ അല്ല.

2. ഇന്ത്യയിൽ അപസ്മാരം കാണപ്പെടുന്നതിന്റെ നിരക്കും ആധിക്യവും എത്ര?

നിരക്ക്(Rate) - ആയിരത്തിൽ അഞ്ചു പേർക്ക്

ആധിക്യം(Incidence) - വർഷം ഒരു ലക്ഷത്തിൽ 50 പേർ

3.അപസ്മാര ബാധിതർക്ക് അടിയന്തര വൈദ്യശുശ്രൂഷ ലഭ്യമാക്കേണ്ടതെപ്പോൾ?

ഗർഭിണികൾ, പ്രമേഹം(ഡയബറ്റിസ്) ഉള്ളവർ, അപസ്മാര ബാധയുണ്ടാകുമ്പോൾ മുറിവുപറ്റുന്നവർ, വെള്ളത്തിൽവച്ച് അപസ്മരമുണ്ടാകുന്നവർ, അഞ്ചുമിനിറ്റിൽ കൂടുതൽ അപസ്മാരം നീണ്ടുനിൽക്കുന്നവർ എന്നിവർക്ക് അടിയന്തര വൈദ്യശുശ്രൂഷ നൽകേണ്ടതാണ്.

4.അപസ്മാരബാധയുണ്ടാകുമ്പോൾ ചെയ്യേണ്ട പ്രഥമ ശുശ്രൂഷകൾ എന്തൊക്കെ?

- ഒരാൾക്ക് അപസ്മാരമുണ്ടാകുന്നത് കണ്ടാൽ ശാന്തമായി നിരീക്ഷിക്കുക.
- അപസ്മാരബാധയുണ്ടാകുന്ന ആളിന്റെ വായിൽ ഒന്നും വച്ചുകൊടുക്കരുത്.
- രോഗിയെ സുരക്ഷിതമായി കിടത്തു.
- രോഗിയുടെ കൈവശമോ സമീപത്തോ അപകടകരമായ വസ്തുക്കൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ മാറ്റുക.

- രോഗിയെ പിടിച്ചു നിർത്തുകയോ തടസ്സപ്പെടുത്തുകയോ ചെയ്യാതിരിക്കുക.
- രോഗിയെ ഒരു വശം ചരിച്ചു കിടത്തുക.
- ഇറുകിയ വസ്ത്രങ്ങൾ അയച്ചുകൊടുക്കുക.
- ലക്ഷണം ശമിക്കും വരെ രോഗിയുടെ അടുത്തുതന്നെ നില്ക്കുക.

5.എന്റെ കുട്ടിക്ക് അവളുടെ വിചാരങ്ങളും ആശയങ്ങളും പ്രകടിപ്പിക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. ഇത് അപസ്മാരം കാരണം ആണോ?

അപസ്മാരമുള്ള കുട്ടികൾക്ക് സംസാരവൈകല്യങ്ങൾ ഉണ്ടാകാനുള്ള സാധ്യത ഏറെയാണ്. അപസ്മരത്തോടൊപ്പം ഓട്ടിസം, ബുദ്ധിവൈകല്യം തുടങ്ങിയ മറ്റു അനുബന്ധ വൈകല്യങ്ങൾ ഉണ്ടെങ്കിൽ സംസരത്തിനുള്ള ബുദ്ധിമുട്ട് വർദ്ധിക്കും.

6.അപസ്മാരത്തിനുള്ള മരുന്നുകൾ ഉപയോഗിക്കുന്നത് കൊണ്ട് എന്തെല്ലാം പ്രയാസമനുഭവപ്പെടാൻ ഇടയുണ്ട്?

അപസ്മാരത്തിനെതിരായി കൊടുക്കുന്ന മരുന്നുകൾ ശുഷ്കാന്തിയില്ലായ്മ , ശ്രദ്ധക്കുറവ്, ഓർമ്മക്കുറവ്, ക്രിയാത്മകമായി പ്രവർത്തികാനുള്ള കഴിവില്ലായ്മ ഒഴുക്കോടെ സംസാരിക്കാൻ കഴിയാതിരിക്കുക തുടങ്ങിയ വൈകല്യങ്ങൾക്കു കാരണമാകാം. പക്ഷേ പാർശ്വഫലങ്ങൾ ഏറെനാൾ തീവ്രമായി കാണപ്പെടുകയില്ല.

7.കുട്ടികളുടെ ആശയ പ്രകടിപ്പിക്കുന്നതിനുള്ള വിഷമതകൾ എങ്ങനെ മറികടക്കാനാകും?

അപസ്മാരം മൂലമുണ്ടാകുന്ന സംസാര തടസ്സങ്ങൾ സ്പീച്ച് - ലാംഗ്വേജ് തെറാപ്പി കൊണ്ട് പരിഹരിക്കാവുന്നതാണ്. അപസ്മാരബാധിതർക്ക് സംസാരത്തിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ, വായിക്കുള്ളിലുള്ള അവയവങ്ങളുടെ ചലനം, ശരിയായ വിധത്തിലല്ലാത്ത സംസാരം, സംസാരത്തിലുള്ള കാലതാമസം എന്നിവയ്ക്കുള്ള കാരണങ്ങൾ വിശദമായി കണ്ടെത്തുകയും ഉചിതമായ പരിഹാരമാർഗങ്ങൾ ആവിഷ്കരിക്കാൻ സ്പീച്ച്-ലാംഗ്വേജ് തെറാപ്പിസ്റ്റുകൾ അവരെ സഹായിക്കുകയും ചെയ്യുന്നു.

8.എഴുതുന്നതിനും വായിക്കുന്നതിനും എന്റെ കുട്ടിക്ക് ബുദ്ധിമുട്ടുകളുണ്ട്. ഇത് അപസ്മാര ചികിത്സയ്ക്കുള്ള മരുന്നുപയോഗിക്കുന്നതുകൊണ്ടാണോ?

അപസ്മാരവും അതിനുള്ള മരുന്നുകളും ഒരളവുവരെ പഠനത്തെ ബാധിക്കാം. കൂടെകൂടെ അപസ്മരമിളകുന്നതിനാൽ കൃത്യമായി സ്കൂളുകളിൽ പോകാൻ കഴിയാതിരിക്കുക, മരുന്നിന്റെ പാർശ്വഫലങ്ങളായി അമിത ഉറക്കം ഉണ്ടാകുക, ശ്രദ്ധക്കുറവ്, അസ്വസ്ഥത എന്നിങ്ങനെയുള്ള കാര്യങ്ങളും പഠനത്തെ പ്രതികൂലമായി ബാധിക്കാം. ഇതിനുപുറമേ ഘടനാപരമായും പ്രവർത്തനപരമായും എഴുത്തിനെയും വായനയെയും നിയന്ത്രിക്കുന്ന തലച്ചോറിന്റെ മേഖലകളിലുണ്ടാകുന്ന മാറ്റങ്ങൾ അപസ്മാരബാധിതരുടെ പഠന വൈകല്യത്തിനു കാരണമായിത്തീരുന്നുണ്ട്

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ടവർ


1. മിസ്. മഞ്ജു മോഹൻ
   സ്പീച്ച്തെറാപ്പിസ്റ്റ്, ശ്രീ ചിത്തിര തിരുന്നാൾ
   ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി ഫോൺ: 9496500888

2. മിസ്. രജിത എൽ

   സോഷ്യൽ വർക്കർ

   നിഷ്,തിരുവനന്തപുരം. ഫോൺ: 0471-3066638